ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ പാർട്ടികളെ അക്രമം കൊണ്ടോ അല്ലെങ്കിൽ ഭീഷണി കൊണ്ടോ ഏതെങ്കിലും വിധത്തിൽ ഒതുക്കാനുള്ള ശ്രമം നടത്തുന്നത് ഒരു ശരിയായ ജനാധിപത്യ വ്യവസ്ഥ അല്ല. ഏതായാലും ശരി ഇങ്ങനെയുള്ള നടപടികളെ ഏതു ഭാഗത്തുനിന്ന് ഉണ്ടായാലും ചൊരുക്കും. അത് സി.പി.ഐ. യോ സി.പി.എം.ഓ, സി.എം.പി.യോ കോൺഗ്രസ്സോ ആരായാലും ശക്തമായ നടപടി സ്വീകരിക്കും. ആവശ്യമായ സംരക്ഷണങ്ങളെ ഭാവിയിൽ എർപ്പെടുത്തുകയും ചെയ്യാം.

(7) മടപ്പള്ളി ഗവൺമെന്റ് കോളേജിലെ ശുദ്ധജലക്ഷാമം

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, വടകരയിലെ മടപ്പള്ളി ഗവൺമെന്റ് കോളേജ് ഒരു കുന്നിന്റെ മുകളിലാണ്. ആ കോളേജിലേക്ക് വേണ്ട വെള്ളത്തിന്റെ ഫിൽറ്റർപ്പാട് പമ്പ് ടാങ്ക് മുഖാന്തിരമാണ്. പമ്പ് പ്രവർത്തനരഹിതമായതുകൊണ്ട് കോളേജിലേക്ക് കുറെ ദിവസങ്ങളായിട്ട് ഒരു തുള്ളിവെള്ളം പോലും വരുന്നില്ല. ലബോറട്ടറിയാകെ നിശ്ചലമായി തീർന്നിരിക്കുകയാണ്. അതുകൊണ്ട് കുട്ടികൾ അവിടെ പഠിപ്പുമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് അടിയന്തിരമായും നേരിട്ട് വേണ്ട നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, മടപ്പള്ളി ഗവൺമെന്റ് കോളേജിന് ഒരു പമ്പ് സ്ഥാപിക്കാത്തതുകൊണ്ടാണ് അവിടെ വാട്ടർസപ്ലൈ നടത്താൻ കഴിയാതെ വന്നത്. 8-9-1986-ൽ പമ്പ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി കൊടുത്തിട്ടുണ്ട്. പ്രിൻസിപ്പലിൽനിന്നും കിട്ടിയ കത്തനുസരിച്ച് 21-10-1986-ൽ അതിനാവശ്യമായ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അടുത്ത ദിവസങ്ങളിൽ തന്നെ അത് ഇൻസ്റ്റാൾ ചെയ്യും. അവിടെ ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ഉടനെതന്നെ പരിഹരിക്കുന്നതാണ്.

(8) തോട്ടംതൊഴിലാളികളുടെ ശമ്പള വർദ്ധനവ്

ശ്രീ. കെ. കെ. തോമസ് : സർ, ശമ്പള വർദ്ധനവിനുവേണ്ടി തോട്ടംതൊഴിലാളികൾ നാളെമുതൽ പണിമുടക്ക് ആരംഭിക്കുകയാണ്. കഴിഞ്ഞ ഏപ്രിൽ ഒന്നു മുതൽ കരാർ അനുസരിച്ചുള്ള കൂലി അവർക്ക് കിട്ടേണ്ടതാണ്. ഇതുസംബന്ധമായി നടന്ന എല്ലാ ചർച്ചകളും പരാജയപ്പെട്ടു. ആ സാഹചര്യത്തിലാണ് പണിമുടക്കിന് തയ്യാറായത്. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇപ്പോഴും ചർച്ച നടന്നുവരുന്നു. ശമ്പളത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകണം. അതിന് നടപടി സ്വീകരിച്ച് പണിമുടക്ക് ഒഴിവാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തന്നെ അതിന്റെ ചർച്ച നടക്കുകയാണ്. ഇന്നലെ രാത്രി വരെ ചർച്ച ഉണ്ടായിരുന്നു. ഇന്ന് പത്തര മണിക്ക് പിന്നെയും ചർച്ച തുടരുന്നതാണ്. എങ്ങനെയും ഒരു സെറ്റിൽമെന്റ് ഉണ്ടാകുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

(9) കോഴിക്കോട് സർവ്വകലാശാലയിലെ പ്രീഡിഗ്രി മലയാളം ഉപപാഠ പുസ്തകത്തിലെ തെറ്റായ പരാമർശം

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കോഴിക്കോടു സർവ്വകലാശാല ഇക്കൊല്ലം പ്രീഡിഗ്രി മലയാളം പാഠപുസ്തകമായി തെരഞ്ഞെടുത്തിരിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പി. എ. വാര്യരുടെ 'അനുഭവങ്ങൾ' എന്ന പുസ്തകത്തിൽ 'ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം' എന്ന അദ്ധ്യായം യേശു ക്രിസ്തുവിനെ അവഹേളിക്കുന്നതും ക്രൈസ്തവരുടെ ചരിത്രത്തേയും പാരമ്പര്യത്തേയും വിശ്വാസത്തേയും ആക്ഷേപിക്കുന്ന വിധത്തിലുള്ളതുമാണ്. പ്രസക്ത ഭാഗങ്ങൾ എന്നെ വായിക്കാൻ അനുവദിക്കണം.

ശൈശവാല്യ നാളിൽ കൂട്ടുകാരിയും പിന്നീട് കാമുകിയുമായ മഗ്ദലന മറിയത്തെ താൻ ഭാര്യയായി കൈക്കൊള്ളുന്നു. പുണ്യമാർഗ്ഗക്കാർ അവിടെ പാപത്തിന്റെ പേരിൽ കല്ലെറിഞ്ഞു കൊന്നതിനുശേഷം രക്ഷക മാലാഖയുടെ നേതൃത്വത്തിൽ തന്നെ താൻ മേരി, മർത്താ സഹോദരിമാരെ വേർപിരിക്കുന്നു. അവർ ഇരുവരും മൽസരിച്ച് പ്രസവിക്കുകയും തന്നെ ശുശ്രൂഷിക്കുകയുമാണ്. സമ്പത്സമഗ്രമായ കുടുംബ ജീവിതം. മക്കളും പേരക്കുട്ടികളുമായി പടർന്നു പന്തലിച്ച ജീവിതത്തിന്റെ ഏറാൻ വള്ളിക്കുടിലിൽ അതാ വരുന്നു പഴയ ശിഷ്യൻമാർ പീറ്ററും മാത്യുവും ജൂദാസുമെല്ലാവരും ഉണ്ട്. കാശു വാങ്ങുന്നവന്റെ മാർഗ്ഗമെന്നു പറഞ്ഞ് ഞങ്ങളെ ദുർഘട മാർഗ്ഗത്തിലേക്ക് തള്ളിവിട്ട് സ്വയം ലളിത സുഖജീവിതം കൈവരിച്ച റാഫിയെ അവരെല്ലാവരും അധിക്ഷേപിക്കുന്നു. റാഫിയും അഥവാ ക്രിസ്തുവും പ്രലോഭനങ്ങൾക്ക് വിധേയനായതിനെപ്പറ്റി പശ്ചാത്തപിക്കാൻ തുടങ്ങുന്നു. മഗ്ദലനമറിയവുമായിട്ടുള്ള നിഗൂഢ പ്രേമം പാപഭീതി നിമിത്തം ദാമ്പത്തിക നിരാസം പ്രതികാര ബുദ്ധിയാലെന്നപോലെ വ്യഭിചാരവൃത്തി വരിക്കുന്ന മറിയത്തിന്റെ അചഞ്ചല പ്രേമവും ഹൃദയശുദ്ധിയും അത്യന്തം പരിക്കനെങ്കിലും അഗാധമായ അന്തസത്തയുള്ള ജൂദാസ് നടത്തുന്ന പരീക്ഷണങ്ങളും പ്രതിപാദിക്കുന്നു". ഇത് അത്യന്തം ഗൗരവമുള്ള പ്രശ്നമാണ്. ഇത് ക്രിസ്തു മതത്തെയും മത വികാരങ്ങളെയും വൃണപ്പെടുത്തുകയാണ് സർ. "ദേശസ്നേഹിയും യഹൂദവിമോചകനുമായ സീലടിനെ രാജ്യദ്രോഹ കുറ്റം ചുമത്തി കുരിശിലേറ്റി കൊല്ലാൻ വിധിച്ചപ്പോൾ ക്രിസ്തുവാണ് അതിനുള്ള കുരിശ് നിർമ്മിച്ച് യഥാസമയം വച്ചുകൊടുക്കുന്നത്. പുത്രശോക വിവശയായ സീലടിന്റെ അമ്മ നീയും കുരിശിലേറി മരിക്കാനിടയാകട്ടെയെന്ന് ക്രിസ്തുവിനെ ശപിക്കുന്നു" ഇത്രയും അവാസ്തവങ്ങളായ ചരിത്ര സത്യങ്ങൾക്ക് വിരുദ്ധമായ പ്രസ്താവങ്ങളും ഉള്ള ഈ പുസ്തകം ഒരു ക്രിസ്ത്യാനികൂടിയായ വകുപ്പുമന്ത്രി നടപ്പിലാക്കിയത് തെറ്റാണു സർ. ഉടനടി അത് പിൻവലിക്കണമെന്നു അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ഉപപാഠപുസ്തകമാണ്. 'അനുഭവങ്ങൾ' എന്നു പറയുന്ന പി. എ. വാര്യരുടെ പുസ്തകം. യൂണിവേഴ്സിറ്റി പുസ്തകങ്ങൾ സെലക്ട് ചെയ്യുന്നത് ഗവൺമെൻറിന്റെ അനുമതിയോടുകൂടിയല്ല. യൂണിവേഴ്സിറ്റി ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഒരു സ്വയംഭരണ സ്ഥാപനമാണ്. അവർക്ക് അതിനെ അക്കാഡമിക്ക് കൗൺസിലുണ്ട്, മറ്റ് ബോഡീസ് ഉണ്ട്, അവരാണ് പുസ്തകങ്ങൾ സെലക്ട് ചെയ്യുന്നത് ; അവരാണ് ഈ പുസ്തകവും സെലക്ട് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും ക്രൈസ്തവ വിശ്വാസങ്ങൾക്കെതിരായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ പൊതുവായിട്ടുള്ള ഒരു നിർദ്ദേശം ഗവൺമെൻറ് കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇവിടെ മതങ്ങളെ സംബന്ധിച്ചു പറയുമ്പോൾ അവരുടെ വിശ്വാസപ്രമാണങ്ങൾക്ക് നിരക്കാത്ത കാര്യങ്ങൾ പാഠപുസ്തകങ്ങളിലെ ഭാഗങ്ങളായിട്ട് ഉൾപ്പെടുത്താൻ പാടില്ലെന്ന് ഗവൺമെൻറ് ഇതിനകം തന്നെ നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് സ്കൂളുകളിലേക്കു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കുന്ന പുസ്തകങ്ങളിൽ അത് ഉണ്ടാകാതിരിക്കുന്നതിന് ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം ഇപ്പോഴിവിടെ സൂചിപ്പിച്ച "അനുഭവങ്ങൾ" എന്ന പുസ്തകത്തിൽ യേശുക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനമെന്ന ഒരു ഉപന്യാസം ഉണ്ട്. പല ഉപന്യാസങ്ങളും അടങ്ങുന്നതാണ് ഈ പുസ്തകം. എന്നാൽ അതിൽ ഈ ഭാഗം ഈ വർഷം കുട്ടികളെ പഠിപ്പിക്കുന്നതിൽനിന്നും മാറ്റം ചെയ്യാനും അടുത്ത വർഷം ഈ പുസ്തകം പിൻവലിക്കാനും ഇതിനകംതന്നെ ഗവൺമെന്റ് നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, യൂണിവേഴ്സിറ്റി പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളിൽ മറെറാരു രംഗത്തും ഇതുപോലൊരു ന്യൂനത ചൂണ്ടിക്കാണിച്ചിട്ടില്ല. ഇങ്ങനെയുള്ള ഒരു തെറ്റ് യൂണിവേഴ്സിറ്റി ഒരു സ്വയംഭരണ സ്ഥാപനമാണെങ്കിൽപോലും ആവർത്തിക്കപ്പെടാനിടയാകരുത്. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും മനുഷ്യന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ഇത്തരത്തിലുള്ള യാതൊന്നും ഉൾക്കൊള്ളിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(10) ജലസേചന വകുപ്പുമന്ത്രിയുടെ സഭയെ തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തിലുള്ള പ്രസ്താവന

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, രണ്ടാഴ്ച മുമ്പ് നമ്മുടെ ജലസേചന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മാണി, ഒരു പ്രസ്താവന നടത്തി. ആയിരം പഞ്ചായത്തുകളിൽ സാമൂഹ്യ ജലസേചന പദ്ധതി നടപ്പിലാക്കും എന്നാണ് പ്രസ്താവിച്ചത്. എനിക്ക് മന്ത്രിയോട് പറയുവാനുള്ളത് ജനങ്ങളെയും ജനപ്രതിനിധികളെയും വഞ്ചിക്കാൻ വേണ്ടി ഇനിയും ഇത്തരം അപഹാസ്യങ്ങളായ പ്രസ്താവനകൾ നടത്തരുതെന്നാണ്. കാരണം, മുഖ്യമന്ത്രിയുടെ പൊളിപറച്ചിൽ അപ്പാടെ അനുകരിക്കാനാണ് മന്ത്രിമാർ ഓരോരുത്തരും, സർക്കാർ ഒന്നാകെയും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാരിന്റെ 5-ാം വാർഷിക പരിപാടികളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് 1986 മേയ് മാസത്തിൽ ഒരു പ്രസിദ്ധീകരണം വിതരണം ചെയ്തിട്ടുണ്ട്. അത് എന്റെ കൈയിലുണ്ട്. ആ പ്രസിദ്ധീകരണത്തിൽ...പമ്പാ കുറ്റ്യാടി, പെരിയാർ, ചിറ്റൂർപ്പുഴ തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കി, കൂടാതെ പഴശ്ശി, കാഞ്ഞിരംപുഴ, ഇടമലയാർ, മൂവാറ്റുപ്പുഴ തുടങ്ങിയ പദ്ധതികളുടെ പണി പുരോഗമിച്ചുവരുന്നു എന്ന് 8-ാം പേജിലും 9-ാംപേജിലും എഴുതിയിട്ടുണ്ട്. പി. ആർ. ഡി. വഴി പ്രചരണം നടത്തി 1986 ജൂൺ മാസം 26-ാം തീയതി 30-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി മന്ത്രി മറുപടിപറഞ്ഞത് ഇപ്രകാരമാണ്. കഴിഞ്ഞ 10 വർഷത്തിനു മുൻപ് 1976-ൽ ആരംഭിച്ച പതിനൊന്ന് വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. പമ്പാ നദീതട പദ്ധതി, പെരിയാർ കല്ലട, ചിറ്റൂർപ്പുഴ, കുറ്റിയാടി, പഴശ്ശി, കാഞ്ഞിരപ്പുഴ, മൂവാറ്റുപ്പുഴ, ചിമ്മിണി, അട്ടപ്പാടി, കാരപ്പുഴ, എന്നിങ്ങനെ 11 പദ്ധതികളുടെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. ഇതിൽ പമ്പാ, കുറ്റിയാടി, ചിറ്റൂർപ്പുഴ, എന്നീ പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിലും മറ്റു ചിലത് അടുത്ത സാമ്പത്തിക വർഷത്തിലും പൂർത്തിയാകുമെന്നാണ് മന്ത്രി പറയുന്നത്. 1986 മേയ് മാസത്തിൽ പറയുന്ന പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞുവെന്ന്. 1986 ജൂണിൽ പറയുന്നു, ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുമെന്ന് ഇതാണ് പ്രസ്താവന. രണ്ടാഴ്ചയ്ക്ക് മുൻപ് മന്ത്രി പറയുന്നു സാമ്പത്തിക പരിമിതിമൂലം പല വൻകിട ജലസേചന പദ്ധതികളും പൂർത്തിയാ

LIBRARY ARCHIVES Kerala Legislative Assembly